File No.LSGD-IA2/126/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ശുചിത്വ മിഷൻ- ജീവനക്കാര്യം - ശ്രീമതി.അബ്ല.കെ. (സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, പൊതുഭരണ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം), ശ്രീമതി. ബിന്ദു കെ .. (റിസർച്ച് ഓഫീസർ, സ്റ്റാറ്റിസ്റ്റിക്സ്, സാമ്പത്തീക സ്ഥിതി വിവര കണക്ക് വകുപ്പ്) - ശുചിത്വമിഷന്റെ കോഴിക്കോട്, മലപ്പുറം ജില്ലാ ഓഫീസുകളിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (SWM) തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.75/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/01/2021

പരാമർശം:- 1) 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ

2) 28.11.2013 തീയതിയിലെ സ.ഉ.(പി)നം.580/2013/ധന

3) 23.06.2019-ലെ സ.ഉ.(കൈ.)നം.72/2019/ത.സ്വ.ഭ.വ.

4) എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷന്റെ 21/10/2020 തീയ്യതിയിലെ 2212/ബി/2019/എസ്.എം നം. കത്ത്.

ഉത്തരവ്

ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (IEC)യുടെ 14 തസ്തികകളും, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (SWM)-ന്റെ 14 തസ്തികകളും സൃഷ്ടിച്ചുകൊണ്ടും ടി തസ്തികകളിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷന് അനുമതി നല്കികൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ഇതിൻപ്രകാരം ശുചിത്വ മിഷന്റെ വിവിധ ജില്ലാ ഓഫീസുകളിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (SWM/IEC) തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി, പരാമർശം (4) ലെ കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.അബ്ല.കെ (സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, പൊതുഭരണ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം), ശ്രീമതി.ബിന്ദു.കെ (റിസർച്ച് ഓഫീസർ, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്) എന്നിവർക്ക് യഥാക്രമം ശുചിത്വമിഷന്റെ കോഴിക്കോട്, മലപ്പുറം ജില്ലാ ഓഫീസുകളിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (SWM) തസ്തികകളിൽ കെ.എസ്.ആർ. ഭാഗം-I ചട്ടം 140(സി) യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1) ലെ സർക്കുലറിലേയും പരാമർശം (2) ലെ ഉത്തരവിലേയും മാനദണ്ഡങ്ങൾക്കും വിധേയമായി, ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തികൾക്ക് (പൊതു ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഡയറക്ടർ,

സാമ്പത്തീക സ്ഥിതി വിവര കണക്ക് വകുപ്പ് എന്നിവർ മുഖേനെ)
അഡീഷണൽ ചീഫ് സെക്രട്ടറി, പൊതു ഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സാമ്പത്തീക സ്ഥിതി വിവര കണക്ക് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ& ആർഎസ്എ/ജി&എസ്എസ്എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ